## നായ്ക്കനാലിൽനിന്ന്

### നായ്ക്കൻ കൂടാരം

തൃശ്ശൂരുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒഡ്ഡ നായ്ക്കന്മാരുടെ ചരിത്രം.

തേക്കിൻകാട് മൈതാനത്തെ പ്രശസ്തമായ നായ്ക്കനാലിന് ആ പേരുവരുവാൻ തന്നെ കാരണം നായ്ക്കന്മാരാണെന്ന് പറയപ്പെടുന്നു.

പൂരനാൾ ദൂരെ ദേശത്തുള്ള ബന്ധുക്കളും സുഹൃത്തുക്കളും ഒക്കെ ഒത്തുചേരുന്നത് ഈ ആൽചുവട്ടിലായിരുന്നു.

പൂരനഗരിക്ക് വിളിപ്പാടകലെ കോന്നിക്കരയിൽ ഒരു മിനി 'ആന്ധ്ര'യുണ്ട്. മലയാളത്തിനു തികച്ചും അന്യമായ ഒരു സംസ്കാരത്തിന്റെ അകംലോകം. ഇവിടുത്തുകാരിതിനെ നായ്ക്കൻ കൂടാരമെന്നും ഒഡ്ഡൻ തറയെന്നും ഒക്കെ വിളിക്കും. തെലുങ്ക് സംസാരിക്കുന്ന 38-ഓളം കുടുംബങ്ങൾ. അന്യനാട്ടിൽനിന്നും കുടിയേറിയ ഇവർ കൂട്ടുകുടുംബത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു. നായ്ക്കൻകൂടാരമെന്നാൽ വീടല്ല, സമൂഹമാണ്. അവർക്കു തലവനായി "ഊരുബോയൻ" ഉണ്ട്. നാട്ടുകൂട്ടത്തിലെ പ്രമാണിയെപ്പോലെ തർക്കങ്ങളിലെ അവസാനവാക്കായി ഊരുബോയന്റെ ശബ്ദമുണ്ടാകും.

തൃശ്ശൂർപൂരനാളിൽ ദൂരദേശത്തുള്ള ബന്ധുക്കളും, സുഹൃത്തുക്കളും ഒത്തുചേരുന്നത് നായ്ക്കനാൽ ചുവട്ടിൽവെച്ചായിരുന്നു. വിശേഷങ്ങൾക്കു ക്ഷണിക്കുന്നതും, പെണ്ണുകാണലുമൊക്കെ കൂട്ടത്തിൽനടക്കുമായിരുന്നു. പക്ഷേ ഇന്ന് ഒത്തുചേരലൊക്കെ മുടങ്ങിയിരിക്കുന്നു. പല നാട്ടിലായി ചിതറപ്പെട്ടവർ പൂരം കാണാൻ വരുന്നതുതന്നെ വളരെചുരുക്കം.

നായ്ക്കൻ കൂടാരത്തിലെ വിശേഷങ്ങൾ ഒട്ടനവധിയാണ്. 38-ഓളം കുടുംബങ്ങൾക്ക് ഒട്ടനവധി ക്ഷേത്രങ്ങൾ. കൂടാരത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ആറു കൊട്ടിലുകൾ. ഓഡ്ഡു നായ്ക്കൻ എന്ന ഒറ്റ വിഭാഗത്തിനു കീഴിൽ 18 കുലങ്ങൾ.അത്രത്തോളം തന്നെ ആചാരങ്ങൾ.

നായ്ക്കൻ കൂടാരത്തിലെ ഭാഷയും വിശേഷപ്പെട്ടതുതന്നെ. വാമൊഴിയായിമാത്രം കൈമാറിവന്ന ഭാഷ. തെലുങ്കിനോട് വളരെ സാമ്യമുള്ള ഭാഷയാണിത്. തെലുങ്ക് കേട്ടാൽ അവർക്ക് മനസ്സിലാകും. പക്ഷേ മറുപടി പറയുവാൻ വിഷമം. വരമൊഴിയില്ലാത്ത ഭാഷ അവർ കുട്ടികളിലേക്ക് കൈമാറി സൂക്ഷിക്കുന്നു. പക്ഷേ, പുറത്തിറങ്ങിയാൽ അവരും മലയാളം പറയുവാൻ സമർത്ഥർ.

വിവാഹത്തിന് പല നിബന്ധനകളുമുണ്ട്. 18 കുലങ്ങളെ രണ്ടായിത്തിരിച്ച്, ഈ രണ്ടു വിഭാഗങ്ങൽ തമ്മിൽ മാത്രമേ വിവാഹം കഴിക്കുവാൻ പാടുള്ളൂ. ഒരു വിഭാഗത്തിൽ പെട്ടവർ എത്ര അകന്നവരാണെങ്കിലും സഹോദരീസഹോദന്മാരാണെന്നർത്ഥം.

കല്യാണച്ചടങ്ങ് രാത്രിയും, പകലും ആയിട്ടാണ്. വൈകുന്നരം വാദ്യമേളങ്ങളോടെയാണ് പെണ്ണിന്റെ വീടിനടുത്ത് ചെക്കനെത്തുക. തലപ്പാവും ധരിച്ചിരിക്കും. വധൂവരന്മാരെ ഇരുത്തി ബന്ധുക്കളെല്ലാം തല സഹിതം വെള്ളമൊഴിച്ച് കുളിപ്പിക്കും. അന്നുമുഴുവൻ വധൂവരന്മാർക്ക് ഉപവാസമാണ്. പിറ്റേന്ന് കല്യാണവും.

കുടാരത്തിലെ പ്രധാന ആഘോഷം ശിവരാത്രിയാണ്.

അന്ന് ആരാധനയും പൂജയുമുണ്ടാവും. അത്രയേയുള്ളൂ ആഘോഷം. അക്ഷരജ്ഞാനം മിക്കവർക്കും കുറവ്. എന്തിനാണ് പഠിക്കുന്നത് എന്ന ഭാവമാണ് കുട്ടുതലേർപർക്കും. എങ്കിലും ചുരുക്കം ചിലർ കുട്ടികളെ സ്കൂളിൽ വിടുന്നുണ്ട്. ആനുകൂല്യങ്ങളൊന്നും ഇപ്പോഴില്ലെന്നതാണ് കുട്ടികളെ സ്കൂളിലയക്കാതിരിക്കുന്നതിനു പ്രധാന കാരണം. ഫീസ് കൊടുക്കേണ്ടിവരുന്നതും അവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നു.

കോനിക്കരയിൽ പഞ്ചായത്ത് അവർക്ക് കെട്ടിടം വെച്ചുകൊടുത്തു. കാണാൻ ടി.വി.യും പക്ഷേ തൽക്കാലം ടി.വി.കണ്ടുകൊണ്ടിരിക്കുകയേ നിവൃത്തിയുള്ളൂ. പരിപാടികൾ കാണുവാൻ കഴിയില്ല, കാരണം വൈദ്യുതി ഇന്നും ഇവിടെ കിട്ടാക്കനിയാണ്. തൃശ്ശൂരിലെ മരത്താക്കര, പല്ലിശ്ശേരി, അഞ്ചരി, ചേലക്കര, തിരുവില്വാമല, എടക്കുന്നി, കരുവന്നൂർ, നന്തിക്കര, കല്ലൂർ എന്നിവിടങ്ങളിലും നായ്ക്കൻ കുടാരങ്ങൾ ഉണ്ട്.

മഞ്ചലല്ല, ആലുകുട്ടലല്ല, മുദ്ധകലല്ല, ദേശിങ്കലല്ല, ഇടക്കോട്ട് വാരല്ല, ശെമങ്കറ വാറല്ല, ജട്ടപ്പ ലർല്ല തുടങ്ങി 18 കുലങ്ങൾ സമ്മേളിക്കുന്ന വംശമാണ് ഓഡ്ഡു നായ്ക്കന്മാർ. കായബലത്തിന്റെ കരുത്തിൽ നായ്ക്കന്മാരെ വെല്ലാൻ കഴിഞ്ഞിരുന്നവർ വളരെ ചുരുക്കം. അതുകൊണ്ട് നാടുവിട്ടുള്ള പോക്കിൽ ജോലി കണ്ടെത്താൻ അവർക്ക് ബുദ്ധിമുട്ടേണ്ടിവന്നില്ല. റോഡ് വെട്ടാനും, കിണർ കുഴിക്കാനും ഒക്കെ നായ്ക്കന്മാരില്ലാതെ വയ്യെന്നായി.

തിരുമലനായ്ക്കർ മധുരയിൽ വാഴുന്നകാലത്ത് രാമവർമ്മ മഹാരാജാവിന്റെ അപേക്ഷപ്രകാരം ആനമല മുതൽ മാള കൃഷ്ണൻ കോട്ട വരെ നെടുങ്കോട്ട പണിയാൻ കേരളത്തിലെക്കുകൊണ്ടുവന്ന നായ്ക്കന്മാരിൽ മിക്കവരും മടങ്ങിയില്ല. മണ്ണിൽ പണി ചെയ്യുന്ന മണ്ണൊഡ്ഡനും വയലിൽ പണിയുന്ന യലഡ്ഡയനും കല്ലുപണിചെയ്യുന്ന കല്ലൊഡ്ഡയനുമൊക്കെ ഇതു നല്ല മണ്ണെന്നു മനസ്സിലാക്കി ഇവിടെതന്നെ കൂടി. ഒഡ്ഡന്മാരുടെ ഏറ്റവും വലിയ പ്രത്യേകതകളിലൊന്ന് ദിവസക്കൂലിക്കു പണിയാനുള്ള വിമുഖതയാണ്. ചെറിയ ജോലിയാണെങ്കിലും കരാർപണി ചെയ്യാനാണവർക്ക് ഇഷ്ടം. കുറേക്കാലം മുമ്പുവരെ അവരുടെ തന്നെ നേതാവായിരുന്ന ഭദ്രൻ എന്ന സർക്കാർ

കോൺട്രാക്ടറുടെ കീഴിലായിരുന്നു പലരും പണിതിരുന്നത്. ഭദ്രൻ മരിച്ചതോടെ അതും നിന്നു.

തിരുക്കൊച്ചി സംയോജനം വരെ ഇവരെല്ലാം പട്ടിക വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. ഒടുവിൽ അക്ഷരജ്ഞാനമില്ലാത്തതിന്റെ വേദന അവരെത്തേടിയെത്തി. സെൻസസ് എടുക്കാൻ വന്ന ഉദ്യോഗസ്ഥർ ജാതി ചോദിച്ചപ്പോൾ ഒഡ്ഡൻ എന്ന ഒറ്റ വിഭാഗത്തിൽപെട്ട ഇവർ അറിവില്ലായ്മകൊണ്ട് ബോയൻ, ഒഡ്ഡൻ, ഒഡ്ഡനായ്ക്കൻ, നായ്ക്കൻ തുടങ്ങി ഓരോ പേരുകൾ പറഞ്ഞു. അങ്ങനെ സ്ഥാനപ്പേരായ ബോയനും ജാതിപ്പേരായി. ഒടുവിൽ ബോയൻ മാത്രം പട്ടിക വിഭാഗത്തിലായി. മറ്റുള്ളവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ കൂടി നഷ്ടമായി. അന്വേഷണങ്ങൾ വീണ്ടും നടന്നെങ്കിലും കാര്യമായ പിന്തുണ കിട്ടുവാൻ മാത്രം ജനസംഖ്യ ഇല്ലാതിരുന്നതുകൊണ്ട് രാഷ്ട്രീയക്കാർ അവർക്കുവേണ്ടി വാദിക്കാനുണ്ടായിരുന്നില്ല. ഇവരുടെ ഇടയിൽനിന്ന് ആദ്യ ബിരുദധാരിയായി അസിസ്റ്റന്റ് രജിസ്റ്ററായി വിരമിച്ച തൃശ്ശൂർ സ്വദേശി കെ.കൃഷ്ണൻ അധികൃതരെ ഇതിനു കുറ്റപ്പെടുത്തുന്നു. ഇവർ “തെലുങ്കരല്ലേ, ഇവർക്കെന്തിനാനുകൂല്യം കൊടുക്കണം?”. എന്നായിരുന്നത്രേ പലരുടേയും നിലപാട്. കൃഷ്ണൻ പിതാവ് കൃഷ്ണനായ്ക്കൻ ആയിരുന്നു വിഭാഗത്തിലെ ആദ്യത്തെ എസ്.എസ്.എൽ.സി.ക്കാരൻ.

ഒഡ്ഡന്മാരുടെ ഒരുമ നഷ്ടപ്പെട്ടതാണ് പരാജയത്തിനുകാരണമെന്ന് കൃഷ്ണൻ പറയുന്നു. ഇന്ന് ബോയന് പഴയ സ്ഥാനമില്ല. തർക്കങ്ങൾക്ക് പരിഹാരം കാണുന്നത് ബോയനല്ലേ എന്നുചോദിച്ചാൽ തർക്കങ്ങളുണ്ടാവാറില്ലെന്ന ഒഴുക്കൻ മറുപടിയിൽ എല്ലാമൊതുങ്ങുന്നു.

വിവാഹത്തിന് പഴയ നിബന്ധനകളിപ്പോഴും ഉണ്ടെങ്കിലും അപൂർവ്വമായും അല്ലാതെയും സംഭവിക്കുന്നുണ്ടത്രേ. വിവാഹത്തിനും,വിവാഹ മോചനത്തിനും വാക്കുതർക്കത്തിനുമൊക്കെ അവസാനവാക്കായിരുന്ന ബോയന് ഇന്ന് സ്ഥാനപ്പേര് മാത്രം ബാക്കിയുണ്ട്.

എന്നാൽ ഊരു ബോയനാണെന്നു മാത്രം അവർ പറയും. നഷ്ടപ്രതാപത്തിന്റെ ഓർമ്മകളുമായി കറങ്ങിനടക്കുന്ന ഊരുബോയൻ കെ.ജി.പാപ്പു തകർന്നുപോയ സാമ്രാജ്യത്തിലെ രാജാവിനെ ഓർമ്മിപ്പിക്കുന്നു.

ലക്ഷംവീട് പദ്ധതി വന്നപ്പോൾ പലരും ഊരുവിട്ടുപോയി. ഇനിയും അവശേഷിക്കുന്നത് തുണ്ടുഭൂമിയിൽ കൂടുകൾ പോലെ കൂട്ടിയ 38-ഓളം വീടുകൾ. അവർ കാത്തിരിക്കുകയാണ് നഷ്ടമായ ആനുകൂല്യങ്ങളെങ്കിലും തിരിച്ചുകിട്ടുന്നതും കാത്ത്.